കേരള ഇലക്ട്രിക്കൽ ആൻറ് അലൈഡ് എൻജിനീയറിംഗ് കമ്പനിയുടെ ലാഭനഷ്ടം

286 [354] [ശ്രീ. വി. ജെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള ഇലക്ട്രിക്കൽ ആൻറ് അലൈഡ് എൻജിനീയറിംഗ് കമ്പനി കഴിഞ്ഞ നാല് വർഷങ്ങളിൽ ലാഭത്തിലോ നഷ്ടത്തിലോ പ്രവർത്തിച്ചത് ;

(ബി) ഓരോ വർഷവുമുണ്ടാക്കിയ ലാഭനഷ്ടങ്ങൾ എത്ര ?

ഉത്തരം

(എ & ബി) കേരള ഇലക്ട്രിക്കൽ ആൻറ് അലൈഡ് എൻജിനീയറിംഗ് കമ്പനിയുടെ കഴിഞ്ഞ നാലുവർഷങ്ങളിലെ ലാഭനഷ്ട കണക്കുകൾ ചുവടെ ചേർക്കുന്നു.

വർഷം	തുക (ലക്ഷത്തിൽ)
1982-83	+ 54.70
1983-84	+ 8.23
1984-85	+ 25.74
1985-86	ഓഡിറ്റ് പൂർണ്ണമാകാത്തതിനാൽ തിട്ടപ്പെടുത്തിയിട്ടില്ല.

പൂട്ടിക്കിടക്കുന്ന പുനലൂർ പേപ്പർമിൽ

287 [356] [ശ്രീ. സി. കെ തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുനലൂർ പേപ്പർമിൽ പൂട്ടിക്കിടക്കുന്നത് സർക്കാരിൻറെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ബി) ഇതിൽ സ്ഥിരമായി പണി ചെയ്യുന്ന എത്ര തൊഴിലാളികളാണ് ഉള്ളത് ;

(സി) ഭാഗികമായി ഈ സ്ഥാപനത്തിൽ ജോലിചെയ്യുന്ന തൊഴിലാളികൾ എത്രയാണെന്ന് വ്യക്തമാക്കാമോ ;

(ഡി) പുനലൂർ പേപ്പർമിൽ സർക്കാർ ഏറെറടുക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) പുനലൂർ പേപ്പർ മിൽ ഇപ്പോൾ പൂട്ടി കിടക്കുന്നില്ല എന്നാണ് ഗവൺമെൻറിന് ലഭിച്ച വിവരം.

(ബി) 851

(സി) ഭാഗികമായി ജോലി ചെയ്യുന്ന തൊഴിലാളികൾ ആരുംതന്നെയില്ല.

(ഡി) ഇത്തരം ഒരു നടപടി ഇപ്പോൾ ഗവൺമെൻറിൻറെ പരിഗണനയിൽ ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly